G.U.P.S.
MOKERI EAST
MOKERI

# ഗവ. യു. പി. സ്കൂൾ
# മൊകേരി ഈസ്റ്റ്

പാനൂർ ഉപജില്ല

# സമഗ്രവിദ്യാലയ വികസന മാസ്റ്റർ പ്ലാൻ

2025–2026

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. വിദ്യാഭ്യാസമെന്നത് അധ്യാപകനും വിദ്യാർത്ഥിയും ചേർന്ന് നാലു ചുവരുകൾക്കിടയിലിരുന്നുകൊണ്ടുള്ള വെറും കൊടുക്കൽ വാങ്ങൽ പ്രക്രിയയല്ല. അതിന് ആധുനികകാലത്ത് വലിയ മാനമാണുള്ളത്. വിദ്യാർത്ഥിയാണ് വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രബിന്ദു. അതുകൊണ്ടുതന്നെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ഗുണമേന്മ ഉറപ്പുള്ളതുമായ ഒരു പാഠ്യപദ്ധതിയാണ് നാം രൂപം നൽകിയിരിക്കുന്നത്.

ഗുണമേൻമയുള്ള ഒരു പാഠ്യപദ്ധതി അതൊട്ടുംതന്നെ ചോർന്നു പോവാതെ കുട്ടിയിലേക്ക് വിനിമയം ചെയ്യപ്പെടുമ്പോൾ മാത്രമേ മേൽപ്രസ്താവിച്ച കുട്ടിയുടെ അവകാശം സംരക്ഷിക്കപ്പെടുകയുള്ളൂവെന്ന ഉത്തമ വിശ്വാസത്തിന്റെ വെളിച്ചത്തിലായിരിക്കണം സമഗ്ര ഗുണമേന്മാ വികസനപദ്ധതി രൂപ കല്പന ചെയ്യേണ്ടത്.

വിദ്യാലയാന്തരീക്ഷം, പഠനബോധനോപകരണങ്ങൾ, പാഠ്യപദ്ധതി വിനിമയതന്ത്രങ്ങൾ, നിരന്തരവിലയിരുത്തൽ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം തുടങ്ങി ഭൗതീകവും അക്കാദമികവും സാമൂഹികവുമായി ബന്ധപ്പെട്ട സർവ്വവും അന്താരാഷ്ട്ര ഗുണമേന്മയുള്ളതായിരിക്കണം-ഇല്ലെങ്കിൽ ഗുണമേന്മ ഉറപ്പുവരുത്തണം.

അധ്യാപകരും, സ്കൂൾ റിസോഴ്സ് ഗ്രൂപ്പും രക്ഷിതാക്കളും നിരവധി കൂടിച്ചേരലുകളിലൂടെ വ്യക്തമായ വിദ്യാഭ്യാസ കാഴ്ചപ്പാട് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ നിർണ്ണയിക്കുകയും അതിനനുഗുണമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും ഈ നാടിന്റെ വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് ആവുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

ഹെഡ്മാസ്റ്റർ

# സ്കൂളിന്റെ ചരിത്രം

പാനൂർ ഉപജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ മാക്കൂൽ പീടികയിലാണ് 96 വർഷം പിന്നിട്ട ഗവൺമെൻറ് യുപി സ്കൂൾ മൊകേരി ഈസ്റ്റ് എന്നവിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1928 ൽ സ്ഥാപിതമായ ഈ വിദ്യാലയം ആദ്യകാലം സ്വകാര്യ സ്കൂൾ ആയി പ്രവർത്തിച്ചു.

അക്ഷരജ്ഞാനം സമ്പന്ന കുടുംബങ്ങളിൽ മാത്രം ലഭ്യമായിരുന്ന അക്കാലത്ത് ഈ നാട്ടിലെ സാധാരണക്കാർക്ക് കൂടി അറിവ് പകരാനായി ജനാബ് കുഞ്ഞഹമ്മദ് ഹാജി എന്ന മഹാന്റെ വിദ്യാഭ്യാസ ഉന്നമന മോഹങ്ങളാൽ പിറവി കൊണ്ട വിദ്യാലയം വിദ്യയുടെ മഹത്വവും സാംസ്കാരിക ഉത്തേജനം നേടാനുള്ള നാൾവഴികൾക്ക് പാത്രമായി.ആദ്യകാലത്ത് ബോർഡ് സ്കൂൾ ആയി പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ 1950 ആകുമ്പോഴേക്കും ഗവൺമെൻറ് എൽ. പി സ്കൂൾ മൊകേരി ഈസ്റ്റ് എന്ന പേരിൽ അറിയപ്പെട്ടു. തുച്ഛമായ വാടക നൽകിയാണ് കെട്ടിടങ്ങൾ സർക്കാരിലേക്ക് നൽകിയത് .1980ൽ ഈ വിദ്യാലയം അപ്പർ പ്രൈമറി ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 500ൽ കൂടുതൽ കുട്ടികൾ അക്കാലത്ത് സ്കൂളിൽ അധ്യയനം നടത്തി വന്നതായി സ്കൂൾ രേഖകൾ സൂചന നൽകുന്നു. ഹൈടെക് ആയി പ്രവർത്തിക്കുന്ന എൽ പി ബ്ലോക്കും വാടക കെട്ടിടത്തിൽ ഏറെ പ്രയാസങ്ങൾ അനുഭവിച്ച് പ്രവർത്തിച്ചു വരുന്ന യു. പി ബ്ലോക്കും സ്കൂളിൻറെ അക്കാദമിക പ്രവർത്തനങ്ങളെ കുഴപ്പത്തിലാക്കാവുന്ന കെട്ടിടങ്ങൾക്കിടയിലുള്ള പഞ്ചായത്ത് റോഡും വിദ്യാലയ ഭരണത്തെ പ്രതിസന്ധിയിലാക്കുമെങ്കിലും ഗൃഹാന്തരീക്ഷം എന്നും നന്മയുടെ തണൽ വിരിക്കുന്ന ഇവിടത്തെ സങ്കേതങ്ങൾ അധ്യാപകർക്ക് ഏറെ ആശ്വാസം നൽകുന്നു. 2011 മുതൽ ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി വിഭാഗം കൂടി പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസമേഖലയിൽ മൊകേരിയുടെ തനത് മോഡൽ സൃഷ്ടിക്കാൻ ഈ 97-ാം വയസ്സിലും പൂർവ്വാധികം ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുകയാണ് ഈ വിദ്യാലയ മുത്തശ്ശി.

# അവസ്ഥാ വിശകലനം

2025-26 അധ്യയനവർഷത്തിൽ 1 മുതൽ 7 വരെ 48 കുട്ടികൾ പഠിക്കുന്നു. പ്രീ- പ്രൈമറിയടക്കം കർമ്മോത്സുകരായ 10 അധ്യാപിക- അധ്യാപകർ. പ്രീ കെ ഇ ആർ കെട്ടിടമാകയാൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഇല്ല.

പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും പ്രത്യേക പരിഗണനയേകുന്ന വിവിധ പദ്ധതികൾ ഈ വർഷം നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടക്കുന്നു.മുൻ വർഷങ്ങളിൽ ധാരാളം കുട്ടികൾ എൽ. എസ്. എസ് , യു.എസ്. എസ് സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. ഈ വർഷം കൂടുതൽ കുട്ടികളെ അർഹരാക്കാൻ കഠിന പരിശ്രമം നടത്തി വരുന്നു.

കഴിഞ്ഞ വർഷം മികവ് അവതരണത്തിൽ യു.പി വിഭാഗത്തിൽ സബ്ജില്ലയിൽ ഒന്നാം സ്ഥാനവും ജില്ലയിൽ നാലാം സ്ഥാനവും വിദ്യാലയത്തിന് നേടാൻ സാധിച്ചു.

ശുചിത്വ മേഖലയിൽ മൊകേരി ഗ്രാമപഞ്ചായത്ത് തലത്തിൽ മികച്ച ശുചിത്വ വിദ്യാലയത്തിനും പാനൂർ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മികച്ച ഹരിത വിദ്യാലയത്തിനുമുള്ള അവാർഡ് കരസ്ഥമാക്കാൻ സാധിച്ചു.

നൃത്തം, സംഗീതം, ചിത്രരചന ,നാടകം, കൊറിയോഗ്രാഫി തുടങ്ങിയ കലാപരിശീലനങ്ങൾ ഇത്തവണ കുട്ടികൾക്ക് അഭ്യസനം നടത്തുവാൻ ആലോചിക്കുന്നു. മാസ് ഡ്രിൽ, സൈക്ലിംഗ്, നീന്തൽ തുടങ്ങിയ കായിക പരിശീലനങ്ങളും അത്യാവശ്യമെന്ന് കണ്ടെത്തിയിരിക്കുന്നു.

അൽപ്പകാലം അറബിക്, ഹിന്ദി അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടന്നുവെങ്കിലും ഇപ്പോൾ സ്കൂളിൽ അറബിക് അധ്യാപകന്റെ സ്ഥിരം ഒഴിവു മാത്രമാണ് നിലനിൽക്കുന്നത്. ശ്രീ. പ്രദീപ് കോടഞ്ചേരി(പ്രധാന അധ്യാപകൻ) ശ്രീമതി. പ്രസന്ന ടി . പി( പി.ഡി ടീച്ചർ) ,ശ്രീമതി. മിനി.ടി (യു.പി എസ്. എ), ശ്രീമതി. ദിൽന എം.കെ( എൽ.പി എസ്.എ) ,ശ്രീമതി. ജിദിഷ. ജെ (യു.പി എസ് എ), ശ്രീമതി ഷജിന. കെ( എൽ. പി എസ് . എ) ,ശ്രീമതി ജോസ്ന ജെ. ഫെർണാണ്ടസ്( എൽ.പി എസ്.എ) ശ്രീമതി. ലജി.വി( പാർട്ട് ടൈം- ഹിന്ദി) ,ശ്രീമതി സുനിഷ. കെ( പ്രീ- സ്കൂൾ അധ്യാപിക- അപ്രൂവ്ഡ്) ,ശ്രീമതി- ജിൻസി എം(പ്രീ- സ്കൂൾ ആയ- നോൺ അപ്രൂവ്ഡ്) ശ്രീ.ശ്രീരാഗ്(ഓഫീസ്അറ്റൻഡന്റ്),ഗൗരി വൈ.പി( പാചകത്തൊഴിലാളി) എന്നിവർ 2025-26 അധ്യയന വർഷത്തിൽ ഇവിടത്തെ ജീവനക്കാരായി സേവനമനുഷ്ഠിച്ചു വരുന്നു

എല്ലാ പോരായ്മകളെയും മറികടക്കുന്നതിന് എന്നും പിന്തുണയേകുന്ന അധ്യാപകരും പി.ടി.എ യും നാട്ടുകാരുമാണ് ഈ സ്കൂളിന്റെ ഊർജ്ജം.

# സ്കൂളിന് ഇന്ന് ലഭ്യമായ സൗകര്യങ്ങൾ

1. എൽ.പി വിഭാഗത്തിനും പ്രീസ്കൂളിനും സ്മാർട്ട് ക്ലാസ് മുറികൾ
2. പ്രി കെ. ഇ .ആർ വാടക കെട്ടിടം- യു .പി വിഭാഗത്തിന്
3. യു.പി ക്ലാസുകളിൽ പ്രൊജക്ടർ, സ്മാർട്ട് ടി.വി
4. ആധുനിക രീതിയിലുള്ള ശാസ്ത്ര ലാബ്
5. മഴവെള്ളസംഭരണി
6. പ്രീ സ്കൂൾ കുട്ടികൾക്ക്-വർണ്ണക്കൂടാരം
7. 3000 ലേറെ പുസ്തകങ്ങളുള്ള ലൈബ്രറി
8. ആവശ്യത്തിനുള്ള ഫർണിച്ചറുകൾ
9. കിണർ
10. പൊതുവാട്ടർടാപ്പ്
11. കമ്പ്യൂട്ടർ ലാബ്
12. 1കമ്പ്യൂട്ടർ, പ്രവർത്തനക്ഷമമായ 4 ലാപ്ടോപ്പ്
13. ബ്ലാക്ക്& വൈറ്റ് ലേസർ പ്രിന്റർ
14. കളർപ്രിന്റർ
15. 6 എൽ.സി. ഡി പ്രൊജക്ടർ
16. മൈക്ക് സെറ്റ്
17. വാട്ടർ ടാങ്ക്
18. 9 അലമാരകൾ
19. ചെറിയ രീതിയിലുള്ള കളിസ്ഥലം
20. എല്ലാ ക്ലാസിലും ഫാൻ
21. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ മൂത്രപ്പുരകൾ, കക്കൂസ്
22. ഭക്ഷണപ്പുര- ആവശ്യമായ പാചക ഉപകരണങ്ങൾ
23. ഗ്യാസ് സ്റ്റൗ

24

25

26

27

28

29

30

# പിന്തുണാ സംവിധാനങ്ങൾ

| | |
|---|---|
| വിദ്യാലയ വികസന സമിതി | മാസത്തിൽ ഒന്ന് |
| ജനറൽ പി.ടി.എ | വർഷത്തിൽ ഒന്ന് |
| ക്ലാസ് പി.ടി.എ | മാസത്തിൽ ഒന്ന് |
| പി.ടി.എ എക്സിക്യൂട്ടീവ് | മാസത്തിൽ ഒന്ന് |
| എം.പി.ടി.എ എക്സിക്യൂട്ടീവ് | മാസത്തിൽ ഒന്ന് |
| എസ്. ആർ. ജി | ആഴ്ചയിൽ ഒന്ന് |
| എസ്.എസ്. ജി | വർഷത്തിൽ അഞ്ച് |
| പൂർവ്വ വിദ്യാർത്ഥി യോഗം | വർഷത്തിൽ ഒന്ന് |

# വിദ്യാഭ്യാസം- കാഴ്ച്ചപ്പാട്

ബഹുമുഖങ്ങളായ കഴിവുകളുള്ളവരാണ് കുട്ടികൾ. അവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്താനുള്ള പരിശ്രമമാണ് വിദ്യാഭ്യാസ പ്രക്രിയയുടെ പ്രഥമവും പ്രധാനവുമായ ഘട്ടം. അവന്റെ സവിശേഷമായ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് കുട്ടിയേയും രക്ഷിതാവിനെയും ബോധ്യപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ പഠനാനുഭവങ്ങളും പരിശീലനങ്ങളും യഥാകാലം നൽകി കഴിവുകളെ അതിൻറെ പരിപൂർണ്ണതയിൽ എത്തിക്കാനും പരിമിതികളെ മറികടക്കാനും കുട്ടിയെ പ്രാപ്തനാക്കാൻ വിദ്യാഭ്യാസത്തിനാവണം. അതായത് കുട്ടിയുടെ സർവ്വതോന്മുഖമായ കഴിവുകളെ പരിപൂർണ്ണതയിൽ എത്തിക്കുന്നതാവണം വിദ്യാഭ്യാസം.

മികച്ച ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം വിദ്യാഭ്യാസത്തിലൂടെ ലഭിക്കണം.മൂല്യബോധവും മതനിരപേക്ഷ ജനാധിപത്യ സംസ്കാരവും കാത്തുസൂക്ഷിക്കുന്ന പൗരന്മാരെ സൃഷ്ടിക്കുന്നതാവണമത്.ഉന്നതമായ പാരിസ്ഥിതികാ വബോധവും സഹജീവി സ്നേഹവും വിദ്യാഭ്യാസത്തിലൂടെ നേടണം. കാർഷിക സംസ്കാരത്തിൽ അഭിമാനം ജനിപ്പിക്കുന്നതാവണം വിദ്യാഭ്യാസം. ലളിത ജീവിതം നയിക്കാനുള്ള പരിശീലനം വിദ്യാഭ്യാസത്തിലൂടെ ലഭിക്കണം.

പരസ്പരാശ്രയത്വത്തിന്റേയും സൗഹൃദത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്നതാവണം വിദ്യാഭ്യാസം.

എല്ലാവിധ വിവേചനങ്ങൾക്കുമെതിരെ പ്രവർത്തിക്കാനുള്ള കഴിവ് നേടി കൊടുക്കണം.

എല്ലാറ്റിലുമുപരി മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്ന, വിശ്വപൗരനാകാൻ ഉതകുന്നതാവണം വിദ്യാഭ്യാസം.

# വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് കുട്ടിയെയും രക്ഷിതാവിനെയും ബോധ്യപ്പെടുത്തുക.
- കുട്ടിയുടെ ഭാവി പഠനത്തിന് ദിശാബോധം നൽകുക
- സവിശേഷമായ കഴിവുകൾ പൂർണ്ണതയിൽ എത്തിക്കുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- പരിമിതികളെ മറികടക്കാൻ സഹായിക്കുക
- ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായി പാഠ്യപദ്ധതി വിഭാവനം ചെയ്ത പ്രകാരം അതിൻറെ ഏറ്റവും ഉയർന്ന നിലയിലെത്തിച്ച് Excellency Scolorship നൽകി പ്രോത്സാഹിപ്പിക്കുക
- നിരന്തര വിലയിരുത്തലിന് അധ്യാപകരെ പ്രാപ്തരാക്കുക
- സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വിവിധ കലകൾ പരിശീലിപ്പിക്കുന്ന കലാക്ഷേത്രമാക്കി സ്കൂളിനെ മാറ്റുക. വിദഗ്ധസേവനം ഉറപ്പാക്കുക.
- ഏറ്റവും നല്ല അത്‌ലറ്റ്, കുട്ടി കർഷകൻ, കുട്ടി ശാസ്ത്രജ്ഞൻ വായനക്കാരൻ എന്നിവരെ കണ്ടെത്തി ആദരിക്കുക
- വിദ്യാലയ കവി, കഥാകാരൻ, ഗായകൻ, ചിത്രകാരൻ എന്നിവരെ കണ്ടെത്തി ആദരിക്കുക
- അധ്യാപക ശാക്തീകരണത്തിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക .ഓരോ അധ്യാപകനും മികച്ച റിസോഴ്സാവാൻ സഹായിക്കുക.
- കായിക- ആരോഗ്യ പരിശീലനത്തിന് വിദഗ്ധസേവനം ഉറപ്പാക്കുക
- വിശ്വവിദ്യാലയ സങ്കല്പം പ്രായോഗികമാക്കാൻ ശ്രമിക്കുക
- വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക

# വിദ്യാലയ വികസന പ്രവർത്തനങ്ങൾ

- അക്കാദമിക പ്രശ്നങ്ങൾ:

- പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിതനിലവാരം കൈവരിക്കുന്നില്ല.
- ചിഹ്നങ്ങളും അക്ഷരങ്ങളും നേരാവണ്ണം ഉറക്കുന്നില്ല.
- പഠനോപകരണങ്ങളുടെയും ഐസിടിയുടെയും ഉപയോഗം പരിമിതമാണ്.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

ലക്ഷ്യം:

- ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് കുട്ടിയെയും രക്ഷിതാവിനെയും ബോധ്യപ്പെടുത്തുക.
- നിരന്തര വിലയിരുത്തലിന് അധ്യാപകനെ പ്രാപ്തനാക്കുക, സഹായിക്കുക.
- അക്കാദമിക പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുക

ടാർജറ്റ് ഗ്രൂപ്പ്:സ്കൂളിലെ മുഴുവൻ കുട്ടികളും

പ്രവർത്തനങ്ങൾ:

- വിവരശേഖരണം
- പ്രീ ടെസ്റ്റുകൾ -പഠന പ്രവർത്തനങ്ങൾ
- ലക്ഷ്യം നിർണയിക്കൽ
- നിരന്തര രേഖപ്പെടുത്തൽ/വിലയിരുത്തൽ
- രക്ഷിതാവിന് ക്ലാസ്സ്
- മോണിറ്ററിംഗ്

കാലം:ഒരു വർഷം(ഏപ്രിൽ മുതൽ മാർച്ച് വരെ)
ചുമതല :ക്ലാസ് ടീച്ചർ
സാമ്പത്തികം:5000 രൂപ
സ്രോതസ്സ്:പിടിഎ ഫണ്ട്
മോണിറ്ററിംഗ്:എച്ച് .എം

# സമഗ്ര- 2025

## അക്കാദമിക പ്രശ്നങ്ങൾ:

- പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരം കൈവരിക്കുന്നില്ല.
- ചിഹ്നങ്ങളും അക്ഷരങ്ങളും നേരാവണ്ണം ഉറക്കുന്നില്ല.
- പഠനോപകരണങ്ങളുടെയും ഐസിടിയുടെയും ഉപയോഗം പരിമിതമാണ്.
- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

## ലക്ഷ്യം:

- സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ.
- ഉത്തരവാദിത്വബോധം വളർത്താൻ
- പഠനപ്രവർത്തനത്തിൽ അടുക്കും ചിട്ടയും ഉണ്ടാക്കാൻ
- ശുചിത്വ ബോധം വളർത്താൻ
- കാർഷിക സംസ്കാരം രൂപപ്പെടുത്താൻ
- അറിവ് തലങ്ങൾ വികസിപ്പിക്കാൻ

**ടാർജറ്റ് ഗ്രൂപ്പ്: മുഴുവൻ കുട്ടികളും**

**സാമ്പത്തികം : 10000 രൂപ**

## പ്രവർത്തനങ്ങൾ:

എല്ലാ പ്രവൃത്തി ദിവസങ്ങളിലും താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാവേണ്ടതുണ്ട്

| | | |
|---|---|---|
| പത്രപാരായണം | : | സ്കൂളിലെത്തുന്ന പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വായിക്കണം. അതിനായി പത്രങ്ങളും ആനുകാലികങ്ങളും വായനപ്പുരയിൽ ഒരുക്കും. |
| വായന കുറിപ്പ് | : | കുട്ടി വായിച്ച ഏത് കാര്യത്തെക്കുറിച്ചായാലും ഒരു കുറിപ്പ് ക്ലാസ് ടീച്ചറെ കാണിച്ചിരിക്കണം. ലൈബ്രറി പുസ്തകങ്ങൾ അഭികാമ്യം. |

| | | |
|---|---|---|
| ഡയറി എഴുത്ത് | : | ഒരു ദിവസത്തെ പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതി ക്ലാസ് ടീച്ചറെ കാണിക്കണം. |
| ശുചീകരണം | : | സ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും പങ്കാളികളാവണം. |
| പൂന്തോട്ട പരിപാലനം | : | സ്കൂളിലെ തോട്ടങ്ങളുടെ പരിപാലനത്തിൽ എല്ലാ കുട്ടികളും പങ്കാളിയാവണം |
| അസംബ്ലി | : | നിത്യേനയുള്ള അസംബ്ലിയിൽ എല്ലാ കുട്ടികളും പങ്കെടുക്കണം |
| കലാ-സാഹിത്യാവതരണം | : | ഊഴമനുസരിച്ച് മുഴുവൻ കുട്ടികളും അസംബ്ലിയിൽ കലാ- സാഹിത്യ പരിപാടികൾ അവതരിപ്പിക്കണം |
| ശാസ്ത്ര കോർണർ | : | കുട്ടികളിൽ ശാസ്ത്രാഭിരുചിയും കൗതുകവും വളർത്തുവാൻ ശാസ്ത്ര കോർണറിൽ നിത്യേന പുതുമയുള്ള കാര്യങ്ങൾ പ്രദർശിപ്പിക്കും. |
| ഗണിത കോർണർ | : | കുട്ടികളിൽ ഗണിതാഭിരുചിയും കൗതുകവും വളർത്താൻ ഗണിത കോർണറിൽ ഗണിത വിസ്മയങ്ങൾ പ്രദർശിപ്പിക്കും. |
| വായനപ്പുര | : | പത്രം, ആനുകാലികങ്ങൾ, കയ്യെഴുത്ത് മാസികകൾ തുടങ്ങിയവ നിത്യേന വായനപ്പുരയിൽ ഒരുക്കും. |
| ഡെയ്‌ലി ക്വിസ് | : | ദൈനംദിന വാർത്തകൾ വിശകലനം ചെയ്ത് ക്വിസ് തയ്യാറാക്കി പ്രദർശിപ്പിക്കും. |
| അസൈൻമെൻറ് | : | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഹോം അസൈൻമെന്റുകൾ എന്നും നൽകുകയും പരിശോധിക്കുകയും ചെയ്യും |

---

മേൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്
ചുമതലാവിഭജനം നടത്തിയിട്ടുണ്ട്.
കുട്ടികളെ മുഴുവൻ 5 ഗ്രൂപ്പുകളായി തിരിക്കും. ഓരോ ഗ്രൂപ്പിനും ഊഴം അനുസരിച്ച് ചുമതലകൾ മാറിവരും.

താഴെപ്പറയുന്നവയുടെ ചുമതല അതത് ക്ലാസ് ടീച്ചർമാർക്കായിരിക്കും

- പത്രപാരായണം
- ഡയറിയെഴുത്ത്
- വായനാക്കുറിപ്പ്
- അസൈൻമെൻറ്

താഴെപ്പറയുന്നവയിൽ അധ്യാപികമാർക്ക് പ്രത്യേക ചുമതല നൽകുന്നു.

| | | |
|---|---|---|
| • | ശാസ്ത്ര കോർണർ | മിനി.ടി |
| • | വായനപ്പുര | പ്രസന്ന ടി പി |
| • | ഗണിത കോർണർ | ജിദിഷ ജെ |
| • | ഡെയിലി ക്വിസ് | ഷജിന കെ |
| • | കടങ്കഥാ ശേഖരം | ജോസ്ന ജെ ഫെർണാണ്ടസ് |

മോണിറ്ററിംഗ്- ഹെഡ്മാസ്റ്റർ

# <u>മാതൃഭാഷാ മാസ്റ്റർപ്ലാൻ</u>

## അക്കാദമിക പ്രശ്നങ്ങൾ:

- പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരം കൈവരിക്കുന്നില്ല
- ചിഹ്നങ്ങളും അക്ഷരങ്ങളും നേരാവണ്ണം ഉറക്കുന്നില്ല
- പഠനോപകരണങ്ങളുടെയും ഐസിടിയുടെയും ഉപയോഗം പരിമിതമാണ്
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

## ലക്ഷ്യം:

- പഠിതാക്കൾക്ക് മാതൃഭാഷ പ്രയോഗത്തിൽ ഉന്നത നിലവാരം നേടിക്കൊടുക്കൽ
- സ്കൂളിൻറെ കവി, കഥാകാരൻ, വായനക്കാരൻ,എഴുത്തുകാരൻ എന്നിവരെ കണ്ടെത്തി ആദരിക്കൽ
- മുഴുവൻ കുട്ടികളെയും Excellency Scolorship ന് അർഹരാക്കൽ

ചുമതല: ജിദിഷ. ജെ

സാമ്പത്തികം: 5000 രൂപ

# പ്രവർത്തനങ്ങൾ

1.അക്ഷര ഗ്യാലറി(മലയാളം ഇംഗ്ലീഷ് ഹിന്ദി -മുഴുവൻ അക്ഷരങ്ങൾ ചിഹ്നങ്ങൾ കട്ടൗട്ടുകൾ)

ലക്ഷ്യം: അക്ഷരം, ചിഹ്നം ഉറപ്പിക്കൽ-അക്ഷര കേളി, പദകേളി തുടങ്ങിയ പ്രവർത്തനങ്ങൾ

അലമാര-1

2.ചിത്ര ഗാലറി(50ബിഗ് പിക്ച്ചറുകൾ,പിഡിഎഫ് ഫയൽ,ഐ സി ടി)

ലക്ഷ്യം:മുഴുവൻ ക്ലാസിനും ഭാഷാ പഠനത്തിന് സഹായി

പ്രവർത്തനം-ചിത്ര വായന ,വിവരണം ,കഥ, കവിത രചന മുതലായവ

ബിഗ് പിക്ചർ ബോർഡ്- 6 എണ്ണം

3.ജീവചരിത്രമാല-ചാർട്ടുകൾ, പിഡിഎഫ് ഫയലുകൾ

ലക്ഷ്യം :കവികളെയും എഴുത്തുകാരെയും അറിയൽ, പ്രൊഫൈൽ തയ്യാറാക്കൽ

4.ഡിജിറ്റൽ ഗ്യാലറി- I.C.T

കഥ ,കവിത, നാടൻപാട്ട്, നാടൻ കലകൾ, ശാസ്ത്ര കൗതുകങ്ങൾ, പരീക്ഷണങ്ങൾ, പക്ഷികൾ ,മൃഗങ്ങൾ ഷോർട്ട് ഫിലിമുകൾ, റൈംസ്

ലക്ഷ്യം: പഠനോപകരണമായി ടീച്ചർ, കുട്ടി എന്നിവർക്ക് സഹായം

5.മികച്ച ലൈബ്രറി-5000പുസ്തകങ്ങൾ(സ്കൂൾ, ക്ലാസ് വീട് ,വായനാമൂല വായനപ്പുര)

ലക്ഷ്യം: നല്ല വായനക്കാരൻ -വായന പ്രോത്സാഹിപ്പിക്കൽ

പ്രവർത്തനം- പുസ്തകോത്സവം, പുസ്തക സമാഹരണ യജ്ഞം, ഗ്രന്ഥശാല സഹകരണം, ഇ- വായന,

6.വായനാ വസന്തം- പത്രങ്ങൾ, ആനുകാലികങ്ങൾ.....

ലക്ഷ്യം:നല്ല വായനക്കാരൻ-വായന പ്രോത്സാഹിപ്പിക്കൽ

പ്രവർത്തനം-കുട്ടി വായന,ടീച്ചർ വായന,അമ്മ വായന,കഥാമാല,കഥ പറയൽ,ഗ്രന്ഥശാലയിൽ അംഗത്വം, ഇ- വായന.

7. രചനാവസന്തം-

ലക്ഷ്യം: സ്കൂളിൻറെ കഥാകാരൻ, കവി എന്നിവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ- പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിക്കൽ.

ഡയറി എഴുത്ത്, ചുമർ മാസിക, കയ്യെഴുത്ത് മാസിക , കവിതയെഴുത്ത്, കടങ്കഥ നിർമ്മാണം, മത്സരങ്ങൾ (ക്വിസ്)

8. പ്രതിഭാ പോഷണം-പ്രതിഭകളെ കണ്ടെത്തി ഉയർത്തൽ

9. കല- സാഹിത്യോത്സവം-കഥ കവിത , നാടൻപാട്ട് ശില്പശാലകൾ, കൊറിയോഗ്രാഫി, സർഗാത്മക നാടക ക്യാമ്പ് ,കാവ്യകേളി

10. ഭാഷ ക്ലബ്ബ്- ഭാഷാപ്രവർത്തനങ്ങളുടെ ചുമതല.

11. എക്സലൻസിസ് സ്കോളർഷിപ്പ് പരീക്ഷ-70% മാർക്ക്-എല്ലാവർക്കും സർട്ടിഫിക്കറ്റ്- ക്യാഷ്അവാർഡ്

12. പ്രതിഭാ പട്ടം

ലക്ഷ്യം:

സ്കൂളിൻറെ കവി കഥാകാരൻ വായനക്കാരൻ ചിത്രകാരൻ എന്നിവരെ കണ്ടെത്തി പ്രതിഭാപം നൽകി ആദരിക്കൽ

പ്രവർത്തനം -നിരന്തര വിലയിരുത്തൽ രേഖ പോർട്ട്ഫോളിയോ, പ്രതിഭാനിർണയം മത്സരം

# ENGLISH MASTER PLAN

## Issues:

- Learners haven 't acquired the required Curriculum objectives
- Lack of real life situations
- Lack of fluency in English
- Lack of English language skills

## Aims:

- Enhance the basic skills of students as mentioned in curriculum .
- Promote communication skill in addition to class room experiences.
- Ensure the learners have acquired the required learning curriculum objectives.
- Help the learners to achieve excellency Scolorship

charge: Mini T

Finance: 5000 Rs

Period: June to March

# Activities

- Letters Gallery-

(Cut out of Capital and small letters), word Making, Sentence making, word game etc

- Big pictures-

(50 nos of different coloured pictures and their PDF files ) picture interactions, sto telling, Story Writing, descriptions etc..)

- Collection of picture Stories( 50 nos.) Story telling
- collection of rhymes- CD's (50 nos)
- work sheet Making
- English Quiz
- Dictionary Making- All students
- workshop- Making different objects
- English Assembly
- English day
- English Camp ( choreography ,skits , drama ... etc)
- English Library( 500 books)
- Communicative English Class
- ICT oriented teaching
- English Club

# ഹിന്ദി മാസ്റ്റർപ്ലാൻ

**അക്കാദമിക പ്രശ്നങ്ങൾ:**

- പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരം കൈവരിക്കുന്നില്ല.
- ചിഹ്നങ്ങളും അക്ഷരങ്ങളും നേരാവണ്ണം ഉറക്കുന്നില്ല
- പഠനോപകരണങ്ങളുടെയും ഐസിടിയുടെയും ഉപയോഗമില്ല
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

**ലക്ഷ്യം:**

- 5 ,6, 7 ക്ലാസുകളിൽഹിന്ദി ഭാഷ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന്.
- ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഭാഷയെ സ്നേഹിക്കുന്നതിനും അക്ഷരങ്ങൾ തിരിച്ചറിഞ്ഞുള്ള ഭാഷാ പ്രയോഗങ്ങൾക്കുള്ള അവസരങ്ങൾ ഒരുക്കൽ
- ഹിന്ദി സുഗമ ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നൽകുക

**വായന**

തെറ്റില്ലാതെ ഹിന്ദി വായിക്കാൻ മുൻകൂട്ടി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ തെളിച്ചത്തിൽ വിനിമയം ചെയ്യപ്പെടും

**ഭാഷണം**

ഹിന്ദിയിൽ ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതിനുള്ള വ്യത്യസ്ത രീതിയിലുള്ള പ്രവർത്തനങ്ങൾ

മുഴുവൻ കുട്ടികളെയും എക്സലൻസി സ്കോളർഷിപ്പിന് അർഹരാക്കൽ

ചുമതല :ലജി .വി

സാമ്പത്തികം: 5000 രൂപ

# പ്രവർത്തനങ്ങൾ

1. പുതിയ പദങ്ങൾ

പദ്യങ്ങൾ ചൊല്ലി ഇവയിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടുത്തുക

2. ചിത്രങ്ങൾ, അക്ഷരമാല ചാർട്ടുകൾ എന്നിവയിലൂടെ വിവിധ ഭാഷാ പ്രവർത്തനങ്ങളുടെ ആസൂത്രണം.

3. ഹിന്ദി ചിത്രകഥകൾ, കേട്ടെഴുത്ത്, പ്രശ്നോത്തരി, പദസൂര്യൻ.

4. പുസ്തകങ്ങൾ വായിക്കാൻ നൽകാൻ

5. ക്ലാസിലെ ഓരോ കുട്ടിയുടെയും പേര് ജനനത്തീയതി ഇവ ഹിന്ദിയിൽ എഴുതാനുള്ള പരിശീലനം

6. ഹിന്ദി കലണ്ടർ തയ്യാറാക്കാൻ

7. ആഴ്ചയുടെ പേരുകൾ

8. പോസ്റ്ററുകൾ തയ്യാറാക്കൽ

9. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ- അവയുടെ പ്രദർശനം

10. കുട്ടിക്കവിതകളുടെ സ്വതന്ത്ര രചന

11. സന്ദർഭങ്ങൾക്ക് അനുസൃതമായി കഥാപാത്രനിരൂപണം

12. ഹിന്ദി കലോത്സവം

13. കഥാരചന ശില്പശാല

# അറബിക് മാസ്റ്റർപ്ലാൻ

അക്കാദമിക പ്രശ്നങ്ങൾ:

- പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിക്കുന്ന നിലവാരം കൈവരിക്കുന്നില്ല.
- ചിഹ്നങ്ങളും അക്ഷരങ്ങളും നേരാവണ്ണം ഉറക്കുന്നില്ല
- പഠനോപകരണങ്ങളുടെയും ICT യുടേയും ഉപയോഗമില്ല.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

ലക്ഷ്യം:

- പഠിതാക്കൾക്ക് അറബിക് ഭാഷാപ്രയോഗത്തിൽ ഉന്നത നിലവാരം നേടിക്കൊടുക്കൽ
- സ്കൂളിൻറെ കവി ,കഥാകാരൻ ,വായനക്കാരൻ, എഴുത്തുകാരൻ എന്നിവരെ കണ്ടെത്തി ആദരിക്കൽ
- മുഴുവൻ കുട്ടികളെയും Excellency Scolorship ന് അർഹരാക്കൽ.

ചുമതല: അറബിക് അധ്യാപകൻ

സാമ്പത്തികം: 1000 രൂപ

# പ്രവർത്തനങ്ങൾ

എഴുത്ത്

ക്ലാസ് മാസിക നിർമ്മാണം

ചുമർപത്രിക നിർമ്മാണം

കയ്യെഴുത്ത് മാസിക നിർമ്മാണം

വായനാക്കാർഡ്  നിർമ്മാണം

പാടാനും പറയാനും കഴിയുന്ന കുട്ടികളെ കണ്ടെത്തി ആസ്വാദനസഭ

ചേരുക

വിവിധ മത്സരം സംഘടിപ്പിക്കുക

പദനിർമ്മാണം

പദപ്പയറ്റ്

പദപ്രശ്നം

വിവിധ പസിൽസ്

അറബിക് അസംബ്ലി

അറബിക് ഫെസ്റ്റ്

# ശാസ്ത്ര മാസ്റ്റർപ്ലാൻ

## അക്കാദമിക പ്രശ്നങ്ങൾ:

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാനാവുന്നില്ല.
- കുട്ടികൾ സ്വയം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നില്ല.
- എല്ലാ കുട്ടികളിലും ശാസ്ത്ര മനോഭാവം വളരുന്നില്ല

ലക്ഷ്യം:

- പഠിതാക്കളെ ശാസ്ത്ര വിഷയങ്ങളിൽ ഉന്നത നിലവാരം ഉള്ളവരാക്കുക-
- ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തുക
- . കുട്ടി ശാസ്ത്രജ്ഞനെയും കുട്ടി കർഷകനെയും കണ്ടെത്തി പ്രതിഭാപട്ടം നൽകി ആദരിക്കുക.

ചുമതല : മിനി.ടി

സാമ്പത്തികം:5000 രൂപ

കാലം: ജൂൺ- മാർച്ച്

# പ്രവർത്തനങ്ങൾ

1. ശാസ്ത്ര കോർണർ( ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, ഡെയ്‌ലി ക്വിസ്, ലഘു പരീക്ഷണങ്ങൾ....)

2 . ശാസ്ത്ര ലാബ് നവീകരണം- ശാസ്ത്ര ലൈബ്രറി

പ്രവർത്തനങ്ങൾ-

ലാബിന് ഇടം- ശാസ്ത്രോപകരണ നിർമ്മാണം-സി.ഡി നിർമ്മാണം, ആൽബം നിർമ്മാണം, ശാസ്ത്രമാസിക നിർമ്മാണം- ശേഖരണം

3 .ശില്പശാലകൾ, സെമിനാറുകൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങൾ:

ഫീൽഡ് ട്രിപ്പുകൾ, പഠനയാത്ര, സെമിനാറുകൾ, സർവ്വേകൾ, പ്രോജക്ടുകൾ, ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ്, ദിനാചരണങ്ങൾ, ICT സാധ്യതകൾ

4. സഹവാസ ക്യാമ്പ്

5. ശാസ്ത്രമേള- മത്സരങ്ങൾ-വിവിധ തല മത്സരങ്ങൾക്ക് ഒരുക്കൽ

6 . അക്വേറിയം നിർമ്മാണം- സ്കൂൾ മുറ്റത്ത് കൊച്ചു കുളം നിർമ്മാണം

7 . ശാസ്ത്രപാർക്ക്

8. ഗ്രീൻ സ്കൂൾ- ക്ലീൻ സ്കൂൾ- പ്ലാസ്റ്റിക് നിരോധനം, തുണി ബാഗ്

9. ജൈവ വൈവിധ്യ ഉദ്യാനമൊരുക്കൽ

10. കുട്ടിക്കൊരു ജൈവ വൈവിധ്യ രജിസ്റ്റർ

11. Excellency Scolorship പരീക്ഷ

12. കുട്ടി ശാസ്ത്രജ്ഞനെ തെരഞ്ഞെടുക്കൽ,( പട്ടം നൽകൽ)

13. പൂമ്പാറ്റ നിരീക്ഷണം

14. പക്ഷി നിരീക്ഷണം

15. വാനനിരീക്ഷണം

# സാമൂഹ്യ ശാസ്ത്ര മാസ്റ്റർപ്ലാൻ

- അക്കാദമിക പ്രശ്നങ്ങൾ:

• എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പ്രകാരം ആശയങ്ങളും ശേഷികളും നേടാനാവുന്നില്ല.

• സാമൂഹ്യശാസ്ത്ര പഠനത്തിൽ താല്പര്യമില്ല

• ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ല

ലക്ഷ്യം:

• ചരിത്ര വിദ്യാർത്ഥി ആവാനുള്ള പ്രോത്സാഹനം

• നമ്മുടെ പാരമ്പര്യത്തിലും ചരിത്രത്തിലും അഭിമാനം വളർത്തൽ

• കുട്ടി ചരിത്രകാരനെ കണ്ടെത്തി ആദരിക്കൽ

• എക്സലൻസി സ്കോളർഷിപ്പിന് അർഹരാക്കൽ

ചുമതല :മിനി .ടി

സാമ്പത്തികം:5000 രൂപ

കാലം : ജൂൺ-മാർച്ച്

# പ്രവർത്തനങ്ങൾ

1.ഗണിതശാസ്ത്ര കോർണർ -(ഡോട്ട് ബോർഡ്, പസിൽ- കേളികൾ അക്ക ചിത്രങ്ങൾ , ഗണിതരൂപങ്ങൾ, പാറ്റേണുകൾ)

ലക്ഷ്യം: ഗണിതശാസ്ത്രത്തിൽ താൽപര്യം ജനിപ്പിക്കൽ

2 .ഗണിത ലാബ് നവീകരണം

പ്രവർത്തനങ്ങൾ :

ഗണിതോപകരണ നിർമ്മാണം (അബാക്കസ് വിവിധ രൂപങ്ങൾ)ഗണിത മാഗസിൻ,അളവ് തൂക്ക ഉപകരണങ്ങൾ

ലക്ഷ്യം :

ഗണിത പഠനത്തിന് മികച്ച പിന്തുണ

3.ക്ലബ്ബ്-ശില്പശാലകൾ, സെമിനാറുകൾ ,പ്രൊജക്ടുകൾ ,സഹവാസ ക്യാമ്പ് ദിനാചരണങ്ങൾ

4.ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

5.ഗണിതോത്സവം- ഗണിത ശാസ്ത്ര മത്സരങ്ങൾക്ക് ഒരുക്കൽ

6 മെൻറൽ മാത്സ്-കൈപ്പുസ്തക നിർമ്മാണം

7.ചതുഷ്ക്രിയകൾ ഉറപ്പിക്കൽ-വർക്ക് ഷീറ്റുകൾ

8.ഗണിതശാസ്ത്ര പാർക്ക്

9. Excellency scholarship പരീക്ഷ

10. പസിലുകൾ നിർമ്മാണം, പാറ്റേൺ നിർമ്മാണം, ഗണിത മോഡലുകൾ, ഗണിത ചാർട്ടുകൾ നിർമ്മാണം

11. കുട്ടി ഗണിതശാസ്ത്രജ്ഞനെ കണ്ടെത്തൽ-ഗണിതശാസ്ത്രപട്ടം നൽകൽ

# ഗണിത ശാസ്ത്ര മാസ്റ്റർപ്ലാൻ

അക്കാദമികപ്രശ്നങ്ങൾ:

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പ്രകാരം ആശയങ്ങളും ശേഷികളും നേടാനാവുന്നില്ല.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെക്കുറിച്ച് ധാരണയില്ല.
- പഠനോപകരണങ്ങൾ പരിമിതമാണ്
- മന:ക്കണക്കുകൾ ചെയ്യുന്നത് കുറവാണ്

ലക്ഷ്യം:

- പഠിതാക്കൾക്ക് ഗണിത ശാസത്രത്തിൽ ഉന്നത നിലവാരം നേടിക്കൊടുക്കൽ
- കുട്ടി ഗണിത ശാസ്ത്രജ്ഞനെ കണ്ടെത്തി ഗണിത ശാസ്ത്ര പട്ടം നൽകി ആദരിക്കുക.

ചുമതല: ജിദിഷ.ജെ

സാമ്പത്തികം: 5000 രൂപ

കാലം: ജൂൺ- മാർച്ച്

# പ്രവർത്തനങ്ങൾ

1.മ്യൂസിയം നിർമ്മാണം(പുരാതന ഉപകരണങ്ങൾ, ആൽബം നിർമ്മാണം)

2.സാമൂഹ്യശാസ്ത്ര ക്ലബ്ബ്(സെമിനാറുകൾ ഫീൽഡ് ട്രിപ്പ്-പ്രകൃതി പഠന ക്യാമ്പ്,അഭിമുഖങ്ങൾസർവ്വേകൾ,സഹവാസ ക്യാമ്പ്...)

3.സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്

4.സാമൂഹ്യശാസ്ത്ര മാസിക

5.പ്രാദേശിക ചരിത്രരചന

6.ഗ്ലോബ് നിർമ്മാണം- മാപ്പ് നിർമ്മാണം

7.പഠനോപകരണ നിർമ്മാണം(ദൂരദർശനി, സൂര്യദർശനി..)

8.സാമൂഹ്യശാസ്ത്ര മത്സരങ്ങൾക്ക് ഒരുക്കൽ

9. Excellency scholarship പരീക്ഷ

10.പ്രാദേശിക ചരിത്രകാര പട്ടം നൽകൽ

# <u>തൊഴിൽ മാസ്റ്റർപ്ലാൻ</u>

<u>അക്കാദമിക പ്രശ്നങ്ങൾ:</u>

- പ്രൈമറി ഘട്ടം പിന്നിടുന്ന ഒരു കുട്ടിക്കും കൈത്തൊഴിൽ അറിയില്ല.
- കുട്ടിക്കും രക്ഷിതാവിനും അതിൻറെ മാഹാത്മ്യം അറിയില്ല.
- പ്രവൃത്തി പരിചയ പരിശീലനത്തിന് പരിശീലനം നേടിയ അധ്യാപികരില്ല.
- ചെറുപ്പം മുതലേ കുട്ടികളിൽ സമ്പാദ്യ ശീലവും സ്വയം പര്യാപ്തതയും കണ്ടു വരുന്നില്ല.

<u>ലക്ഷ്യം</u>:

- അഞ്ചാം ക്ലാസ് പൂർത്തിയാക്കുന്ന ഓരോ കുട്ടിയും ഒരു കൈത്തൊഴിൽ പഠിച്ചിരിക്കും.
- കുട്ടികളിൽ സ്വാശ്രയബോധവും സമ്പാദ്യശീലവും വളർത്തും

ചുമതല:പ്രസന്ന ടി . പി

സാമ്പത്തികം: 5000 രൂപ

കാലം: ജൂൺ- മാർച്ച്

## <u>പ്രവർത്തനങ്ങൾ</u>

1.ചന്ദനത്തിരി നിർമ്മാണം

2.കുട നിർമ്മാണം

3.ചൂടിപ്പായ നിർമ്മാണം

4.ക്ലേ മോഡലിംഗ്

5.ബുക്ക് ബൈന്റിംഗ്

6.വുഡ് കാർവിങ്

7.കോക്കനട്ട് ഷെൽവർക്ക്

8.മെറ്റൽ എൻഗ്രേവിംഗ്

9.വിവിധ മത്സരങ്ങളിൽ പങ്കാളിത്തം

10.സഞ്ചയിക- ലഘു സമ്പാദ്യ ശീലം വളർത്തൽ

# പ്രവർത്തനങ്ങൾ

- സൈക്ലിംഗ് പരിശീലനം
- നീന്തൽ പരിശീലനം
- ബാഡ്മിന്റൺപരിശീലനം
- സ്കൂൾ തല കായിക പരിശീലനം
- സ്പോർട്സ് കിറ്റ്
- വിവിധ മത്സരങ്ങൾക്ക് ഒരുക്കം
- എയറോബിക് വ്യായാമം
- മികച്ച അത്‌ലറ്റിനെ തിരഞ്ഞെടുക്കൽ

# കായിക മാസ്റ്റർപ്ലാൻ

അക്കാദമിക പ്രശ്നങ്ങൾ:

- എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
- കായിക പരിശീലനത്തിന് പറ്റിയ ഗ്രൗണ്ട് ഇല്ല.
- കായിക പരിശീലനത്തിന് ട്രെയിനിംഗ് നേടിയ അധ്യാപകരില്ല.

ലക്ഷ്യം:

- കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പരിശീലനം നൽകി പ്രോത്സാഹിപ്പിക്കും.
- പരിശീലനത്തിന് വേദി (കളിക്കളം) കണ്ടെത്തും.
- പരിശീലനത്തിന് വിദഗ്ധരുടെ സേവനം തേടും.
- മികച്ച അത്‌ലറ്റിനെ കണ്ടെത്തി പട്ടം നൽകി ആദരിക്കും.

ചുമതല: ഷജിന കെ

സാമ്പത്തികം: 5000 രൂപ

കാലം- ജൂൺ- മാർച്ച്

# പ്രവർത്തനങ്ങൾ

1.ചിത്രരചന പരിശീലനം

2.സംഗീത പരിശീലനം

3.നൃത്ത പരിശീലനം

4.ചെണ്ടമേളം പരിശീലനം

5.നാടക പരിശീലനം

6.സിനിമാ നിർമ്മാണം

7.വിവിധ മത്സരങ്ങൾ പങ്കാളിത്തം

8.നാടകം, നൃത്തം, ചെണ്ട ട്രൂപ്പുകൾ

9.നല്ല നടൻ, നല്ല നടി, നല്ല ഗായകൻ, നല്ല ചിത്രകാരൻ എന്നിവരെ തിരഞ്ഞെടുക്കൽ

# <u>കലാപഠനം മാസ്റ്റർപ്ലാൻ</u>

അക്കാദമിക പ്രശ്നങ്ങൾ

- എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും

പ്രോത്സാഹിപ്പിക്കാനും കഴിയുന്നില്ല.

- കലാ പഠനത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് കുട്ടിക്കും രക്ഷിതാവിനും ശരിയായ

കാഴ്ചപ്പാടില്ല.

- കലാപഠനത്തിന് പ്രത്യേകം അധ്യാപകനില്ല.

ലക്ഷ്യം:

- കുട്ടികളിൽ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പരിശീലനം നൽകി

പരിപോഷിപ്പിക്കും.

- കലാപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടിയിലും രക്ഷിതാവിലും അവബോധം

സൃഷ്ടിക്കും.

- കലാ പഠനത്തിന് വിദഗ്ധരുടെ സേവനം ഉറപ്പാക്കും.സ്ഥിരം ട്രൂപ്പുകൾ ഒരുക്കും.
- മികച്ച നടൻ, നടി, ഗായകൻ ,എന്നിവർക്ക് പട്ടം നൽകി ആദരിക്കും.

ചുമതല: പ്രസന്ന ടി.പി

സാമ്പത്തികം: 5000 രൂപ

കാലം: ജൂൺ മുതൽ മാർച്ച് വരെ

# മുന്നാക്കക്കാർക്ക് പ്രത്യേക പരിഗണന

**അക്കാദമിക പ്രശ്നങ്ങൾ:**

- ജന്മസിദ്ധമായ കഴിവുകളുള്ള കുട്ടികൾക്ക് അധിക വിഭവങ്ങൾ നൽകാനാവുന്നില്ല. അത്തരം ശേഷിയുള്ള അധ്യാപകരില്ല.
- മുന്നാക്കക്കാരെ പ്രോത്സാഹിപ്പിക്കാൻ വേദികളില്ല.

**ലക്ഷ്യം:**

- ഓരോ മേഖലയിലും മികച്ച കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകും.
- മികവിന് പട്ടം നൽകി ആദരിക്കും.

ചുമതല: മുഴുവൻ അധ്യാപകർക്കും

സാമ്പത്തികം: 1000 രൂപ

കാലം- ജൂൺ- മാർച്ച്

## പ്രവർത്തനങ്ങൾ

- എൽ .എസ്. എസ്-യുഎസ്.എസ് പരിശീലനം
- പ്രാദേശിക -ഉപജില്ല -ജില്ലാ മത്സരങ്ങൾക്ക് പരിശീലനം
- നവോദയ പരിശീലനം
- വിവിധ ക്യാമ്പുകൾ
- സ്കൂൾ വിദ്യാഭ്യാസ പ്രദർശനം
- പ്രതിമാസ ക്വിസ്
- ദ്വൈമാസ കടങ്കഥ മത്സരം
- കായിക മത്സരം
- കലാ മത്സരം
- Excellency scholarship പരീക്ഷ
- സ്കൂൾ വാർഷികം
- സ്കൂൾ പട്ടം നൽകി ആദരിക്കൽ

# പിന്നാക്കക്കാർക്ക് പ്രത്യേക പരിഗണന

## അക്കാദമിക പ്രശ്നങ്ങൾ:

- ഓരോ ക്ലാസിലെയും ചെറിയ ശതമാനം കുട്ടികളുടെ പിന്നോക്കാവസ്ഥ മുഴുവൻ കുട്ടികളുടെയും പഠനത്തെ ബാധിക്കുന്നു.
- അവർ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെടുന്നതിനാൽ പഠനം അസാധ്യമാകുന്നു
- പിന്നോക്കക്കാരെ പരിഗണിക്കാൻ സമയ ക്കുറവ് കാരണം അധ്യാപകന് ആവുന്നില്ല.
- കുട്ടികളുടെ യഥാർത്ഥ പ്രശ്നം തിരിച്ചറിയാൻ ആവുന്നില്ല

## ലക്ഷ്യം:

- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ ഇല്ലായ്മ ചെയ്യൽ

ചുമതല: മുഴുവൻ അധ്യാപകരും

സാമ്പത്തികം: 5000 രൂപ

കാലം ജൂൺ മുതൽ മാർച്ച് വരെ

# പ്രവർത്തനങ്ങൾ

- എല്ലാ വിഷയങ്ങളിലും പ്രീ-ടെസ്റ്റ്.
- റീ- ടീച്ച്- "ഞാനും എന്റെ കുട്ടിയും- "ഓരോ അധ്യാപകനും ഓരോ കുട്ടിയെ വീതം ഏറ്റെടുത്ത് പ്രത്യേക പരിഗണന ആവശ്യമായ മേഖലകളിൽ പിന്തുണ നൽകുന്നു.
- പിന്നാക്ക പരിശീലനത്തിന് സ്ഥിരം വേദി
- അക്ഷരപ്പുലരി
- മലയാളത്തിളക്കം
- ശ്രദ്ധ

# പ്രീ - പ്രൈമറി വിദ്യാഭ്യാസം

**ലക്ഷ്യം:**

- സ്കൂൾ ഫീഡിങ് ഏരിയയിലെ 4 വയസ്സിന് മുകളിലുള്ള മുഴുവൻ കുട്ടികളേയും സ്കൂളിന്റെ പ്രീ പ്രൈമറിയിൽ ചേർക്കും.
- പ്രീ - പ്രൈമറിക്ക് പുതിയ ക്ലാസ്സ് റൂം നിർമ്മിക്കും.

**പ്രവർത്തനങ്ങൾ:**

1. ശിശു സൗഹൃദ ക്ലാസ് റൂം
2. ശിശു സൗഹൃദ ടി. എൽ. എം
3. ശിശു സൗഹൃദ പാർക്ക്
4. പ്രീ പ്രൈമറി കലോത്സവം

ചുമതല: സുനിഷ.കെ

സാമ്പത്തികം:

കാലം: ജൂൺ- മാർച്ച്

# ഉച്ച ഭക്ഷണ പദ്ധതി

അക്കാദമിക പ്രശ്നങ്ങൾ:

- നല്ല ആഹാര ശീലങ്ങൾ അറിയാത്തതിനാൽ വിവിധങ്ങളായ അസുഖങ്ങൾ ബാധിക്കുന്നു. ഇത് കുട്ടിയുടെ പഠനത്തെയും ബാധിക്കുന്നു.
- വേണ്ടത്ര പോഷകാഹാരം കഴിക്കാത്തതിനാലും വെള്ളം കുടിക്കാത്തതിനാലും വിവിധങ്ങളായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നു .അത് പഠനത്തെ ബാധിക്കുന്നു.

<u>ലക്ഷ്യം :</u>

- നല്ല ആഹാര ശീലങ്ങൾ പരിശീലിപ്പിക്കും.
- പോഷകമൂല്യമേറിയ ആഹാരം എന്നും കുട്ടികൾക്ക് നൽകും

ചുമതല: ഷജിന കെ

സാമ്പത്തികം : 10000 രൂപ

കാലം :ജൂൺ- മാർച്ച്

## പ്രവർത്തനങ്ങൾ

- വിഭവസമൃദ്ധമായ ഉച്ചഭക്ഷണം
- പോഷകാഹാരം മെനു ഓരോ മാസവും പരിഷ്കരിക്കാൻ നൂൺമീൽ കമ്മിറ്റി പ്രതിമാസം ചേരും.
- പ്രഭാത ഭക്ഷണം ഒരുക്കൽ
- തിളപ്പിച്ചാറ്റിയ വെള്ളം ഒരുക്കൽ
- ഹെൽത്ത് ക്ലബ് രൂപീകരണം
- ആരോഗ്യ ശുചിത്വ ബോധവൽക്കരണം
- പി.ടി.എ യുടെ സഹകരണം

# പ്രവർത്തനങ്ങൾ

| | |
|---|---|
| പിടിഎ | :വർഷത്തിൽ-1 |
| എം.പി.ടി.എ | : വർഷത്തിൽ-1 |
| സി.പി.ടി .എ | : മാസത്തിൽ 1 |
| SRG | : ആഴ്ചയിൽ-1 |
| SSG | : മാസത്തിൽ-1 |
| പൂർവ്വ വിദ്യാർത്ഥി സംഘടന | : മുഴുവൻ പൂർവ്വ വിദ്യാർത്ഥികളുടേയും കൂടിച്ചേരൽ |
| ഗൃഹസന്ദർശനം | : മുഴുവൻ കുട്ടികളുടേയും വീട് സന്ദർശിക്കും |
| മാതൃസംഗമം | : വർഷത്തിൽ-1 |
| സ്കൂൾ ബ്ലോഗ് | : |
| വാട്ട്സ്ആപ്പ് ഗ്രൂപ്പ് | : ഓരോ ക്ലാസിനും |
| വി ദ്യാലയ വികസന സമിതി | : മാസത്തിൽ-1 |

# ഭൗതിക മാസ്റ്റർപ്ലാൻ

## ആമുഖം

സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി, പഠിതാക്കൾക്ക് അന്താരാഷ്ട്ര ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഭൗതിക സാഹചര്യം അനിവാര്യമാണ്. സ്കൂളിന് 9 മുറികളുള്ള പുതിയ സ്കൂൾകെട്ടിടം ഏറ്റവും വേഗത്തിൽ നമുക്ക് ലഭ്യമാക്കുക എന്നത് അത്യാവശ്യമാണ്. സ്മാർട്ട്ക്ലാസ്മുറികൾ, ടി.വി, ഹോംതിയേറ്റർ, സി.സി.ടി.വി, കളർ പ്രിന്ററുകൾ, അലമാരകൾ, ഫർണിച്ചറുകൾ, ശിശുസൗഹൃദ ചുവരുകൾ,ജൈവവൈവിധ്യ പാർക്ക്, പൂന്തോട്ടം, സോളാർ പാനലുകൾ-ഇൻവർട്ടറുകൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ നമുക്കു വേണം.

## ഭൗതിക പ്രശ്നങ്ങൾ

വെളിച്ചവും വായുപ്രവാഹവും കുറഞ്ഞ 50 അടി നീളത്തിലുള്ള ഒരു പ്രീ.കെ.ഇ.ആർ. ഹാളിൽ 3 ക്ലാസുകൾ പ്രവർത്തിക്കുന്നു. അത് നിരവധിയായ അക്കാദമിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിലവിലുള്ള എൽ.പി ബ്ലോക്ക് കെട്ടിടം ആധുനികവൽക്കരണം നടത്തുക.

**ലക്ഷ്യം:**

- ലാബ്, ലൈബ്രറി എന്നിവയുടെ സൗകര്യങ്ങൾ ഫലപ്രദമല്ലാത്തതും അക്കാദമിക പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു.
- 5 വർഷത്തിനുള്ളിൽ അന്താരാഷ്ട്ര നിലവാരമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
-
-

ചുമതല : ഹെഡ്മാസ്റ്റർ
കാലം : 5 വർഷം
സാമ്പത്തികം : 4 കോടി
മോണിറ്ററിംഗ് : വിദ്യാലയ വികസന സമിതി

## നമ്മുടെ സ്വപ്ന പദ്ധതികൾ

- 20 x 20 x 12 അടി നീളം, വീതി, ഉയരമുള്ള ഒമ്പത് റൂമുകളോടെയുള്ള ആധുനിക മാതൃകയിലുള്ള ഹൈടെക് സ്കൂൾ കെട്ടിടം
- ഓഫീസ്റും, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, മ്യൂസിയം, ടോയ്‌ലറ്റുകൾ, സ്റ്റേജ്, ഓഡിറ്റോറിയം
- ചൈൽഡ് ഫ്രണ്ട്‌ലി ഫർണിച്ചറുകൾ സ്ഥാപിക്കണം.
- ഗ്രാമപ്രദേശമായതിനാൽ ഇടയ്ക്കിടെ വൈദ്യുതി ഇല്ലാതാവുമ്പോൾ അധ്യയനം മുടങ്ങാതിരിക്കാൻ സോളാർ ഇൻവർട്ടർ സ്ഥാപിക്കണം.
- ഗേറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തണം.
- ശിശുസൗഹൃദ പെയിന്റിങ്ങുകൾ- ചുമരിൽ
- ആധുനികരീതിയിൽ പ്രവർത്തിക്കുന്ന മാലിന്യസംസ്കരണസംവിധാനം
- ശിശുസൗഹൃദ രീതിയിൽ ചിത്രങ്ങളും ചായങ്ങളുമലങ്കരിച്ച് അക്കാദമിക പിന്തുണകൾ ഉറപ്പാക്കുന്ന മൾട്ടി സംവിധാന സാധ്യതയുള്ള ഓഡിറ്റോ റിയം, ഡൈനിങ്ഹാൾ, ആക്റ്റിവിറ്റി ഹാൾ.
- സമഗ്രകായികക്ഷമത ഓരോ കുഞ്ഞിനും ഉറപ്പാക്കുന്ന രീതിയിൽ ഡിസൈൻ ചെയ്തിട്ടുള്ള കളിസ്ഥലം
- കാലോചിതമായി പരിഷ്കരിച്ച് ആനന്ദോല്ലാസം പകരുന്ന രീതിയിൽ കമ നീയമായി നിർമിച്ച കുട്ടികളുടെ പാർക്ക്, പക്ഷിക്കുളം തുടങ്ങിയ വിദ്യാ ലയ സൗന്ദര്യവൽക്കരണ പദ്ധതികൾ.
- പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ ഉദ്യാ നം, ശലഭോദ്യാനം
-
-